Web Sec

## സൈനീക ക്ഷേമ ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം

നടപടി തീർപ്പ് - കെ കെ ഗോവിന്ദൻ നായർ

വിഷയം - സൈനീക ക്ഷേമ വകുപ്പ് -സ്ഥാപന വിഭാഗം – അറിയുവാനുള്ള അവകാശ ചട്ടം – 2007 – അപ്പലേറ്റ് അധികാരി, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ, അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ, നിയമനം – പുനർ നിയമനം ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം -
1) 17-10-2005 – ലെ ജി.ഒ. (പി) നമ്പർ 367/2005/പൊ.ഭ.വ നമ്പർ ഉത്തരവ്.
2) 22.02.2007 – ലെ എസ്റ്റാ-1/1072/2005 ഡി.എസ്.ഡബ്ല്യു നമ്പർ ഉത്തരവ്.
3) 01-12-2010 ലെ എസ്റ്റാ-1/1072/2005 ഡി എസ്.ഡബ്ല്യു നമ്പർ ഉത്തരവ്.
3) 08-06-2011 ലെ എസ്റ്റാ-1/1072/2011 ഡി എസ്.ഡബ്ല്യു നമ്പർ ഉത്തരവ്.

### ഉത്തരവ് നമ്പർ എസ്റ്റാ-1/1072/2011/ഡി.എസ്.ഡബ്ല്യു തീയതി 05.11.2012

പരാമർശം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അറിയുവാനുള്ള അവകാശ ചട്ടം 2005 സെക്ഷൻ 5 (1) പ്രകാരം സൈനിക ക്ഷേമ വകുപ്പിലെ താഴെ പറയുന്ന ആഫീസർമാരെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ/അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരായി പുനർ നിയമനം ചെയ്തു ഉത്തരവാകുന്നു.

2. <u>ജില്ലാതല സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ.</u> ജില്ലാ സൈനിക ക്ഷേമ ആഫീസർമാർ വകുപ്പുമായി ബന്ധപ്പെട്ട ക്ഷേമ പ്രവർത്തനങ്ങൾ, തൊഴിൽ സഹായം, സാമ്പത്തിക സഹായം, വിവിധ തരത്തിൽ വിമുക്തഭടന്മാർക്കും ആശ്രിതർക്കുമായി നൽകി വരുന്ന തൊഴിൽ/വിദ്യാഭ്യാസ സംവരണങ്ങൾ തുടങ്ങി ജില്ലാ ആഫീസുകളിൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങളെ സംബന്ധിച്ച രേഖകൾ സൂക്ഷിക്കേണ്ടതും അവ പൊതുജനങ്ങൾക്ക് ആവശ്യാർത്ഥം ലഭ്യമാക്കേണ്ടതുമാണ്.

3. ജില്ലയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരെ സഹായിക്കുന്നതിന്, അസിസ്റ്റന്റ് ജില്ലാ സൈനിക വെൽഫയർ ആഫീസർമാരെ സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരായി നിയോഗിച്ചിരിക്കുന്നു. അസിസ്റ്റന്റ് ജില്ലാ സൈനിക വെൽഫയർ ആഫീസറുടെ അഭാവത്തിൽ ടി ആഫീസുകളിലെ വെൽഫയർ ഓർഗനൈസർമാരെ സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരായി നിയോഗിച്ചിരിക്കുന്നു. വെൽഫയർ ഓർഗനൈസർമാർ ഇല്ലാത്ത ജില്ലകളിൽ ഹെഡ് ക്ലാർക്ക്/സീനിയർ യു.ഡി.സിയെയും സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസറായി നിയോഗിച്ചിരിക്കുന്നു.

4. ജില്ലകളിൽ ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ അതാത് ജില്ലകളിൽ സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരെ നാമനിർദ്ദേശം നൽകി വകുപ്പ് മേധാവിയെ യഥാസമയം അറിയിക്കേണ്ടതാണ്.

5. ബന്ധപ്പെട്ട സ്റ്റേറ്റ് ഇൻഫർമേഷൻ ആഫീസർമാർ, സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാർ അവരവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളെ സംബന്ധിച്ച പട്ടിക തയ്യാറാക്കി സൂക്ഷിക്കേണ്ടതും പൊതുജനങ്ങൾ നിശ്ചിത ഫീസടച്ച് അപേക്ഷ നൽകുന്നതു പ്രകാരം വിവരങ്ങൾ നൽകേണ്ടതുമാണ്

6. സ്റ്റേറ്റ് ഇൻഫർമേഷൻ ആഫീസർമാർ, സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാർ എന്നിവരുടെ പേരു വിവരങ്ങൾ പൊതുജനങ്ങൾക്ക് കാണത്തക്കവിധം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

7. ഡയറക്ടറേറ്റ് തലത്തിൽ അതാത് സെക്ഷൻ അധികാരികളെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരായി നിയോഗിച്ചിരിക്കുന്നു. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരെ സഹായിക്കുന്നതിന് അതാത് സെക്ഷനുകളുടെ ചുമതലകൾ വഹിക്കുന്ന ജൂനിയർ സൂപ്രണ്ട്/ ഹെഡ് അക്കൗണ്ടന്റ്/സീനിയർ യു.ഡി.സി എന്നിവരെ സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരായി നിയോഗിച്ചിരിക്കുന്നു.

8. പരാമർശം ഒന്ന് പ്രകാരം ഡയറക്ടറേറ്റ് തലത്തിൽ വരുന്ന എല്ലാ വിഭാഗത്തിലെയും വിവരാവകാശ അപേക്ഷകളെ പറ്റിയുള്ള വിവരങ്ങൾ സൂക്ഷിക്കുന്നതിന് വേണ്ടി ജൂനിയർ സൂപ്രണ്ടിനെ നിയോഗിച്ചിരിക്കുന്നു. തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ ഹെഡ് ക്ലാർക്കും തിരുവനന്തപുരത്ത് ജൂനിയർ സൂപ്രണ്ടിനെയും ജില്ലാ തലത്തിലുള്ള അപേക്ഷകളുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിന് നിയോഗിക്കുന്നു.

9. അതാത് ജില്ലകളിലെ സ്റ്റേറ്റ് ഇൻഫർമേഷൻ ആഫീസർമാരുടെയും ഡയറക്ടറേറ്റ് തലത്തിലുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരുടെയും വിശദാംശങ്ങൾ ചുവടെ പ്രതിപാദിക്കുന്നു.

(എ) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ - ഡയറക്ടറേറ്റ്

| ക്രമ: | സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ | അസിസ്റ്റന്റ് ഇൻഫർമേഷൻ ആഫീസർ | വഹിക്കുന്ന ചുമതലകൾ |
|---|---|---|---|
| 1. | അഡ് മിനിസ്ട്രേറ്റീവ് ആഫീസർ | ജൂനിയർ സൂപ്രണ്ട് | ഭരണപരമായ രേഖകൾ, വകുപ്പിന്റെ പൊതുവായ ഘടന, പ്രവർത്തനം, വകുപ്പുമായി ബന്ധപ്പെട്ട നിയമാവലികൾ തുടങ്ങിയ വിഷയങ്ങൾ |
| 2. | ഡെപ്യൂട്ടി ഡയറക് ടർ | സെക്ഷൻ ക്ലാർക്ക് (എസ്.ഡബ്ല്യൂ-1) | സ്റ്റേറ്റ് മിലിട്ടറി ബനവലന്റ് ഫണ്ടുമായി ബന്ധപ്പെട്ട ക്ഷേമ പ്രവർത്തനങ്ങൾ, സാമ്പത്തിക സഹായം തുടങ്ങിയവ സംബന്ധിച്ച രേഖകൾ. |
| 3. | ഫിനാൻസ് ആഫീസർ | സെക്ഷൻ ക്ലാർക്ക് (എ.എഫ് 1) | അമാൽഗമേറ്റഡ് ഫണ്ടുമായി ബന്ധപ്പെട്ട സാമ്പത്തിക സഹായം മറ്റ് ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയവ സംബന്ധിച്ച രേഖകൾ. |
| 4. | അസിസ്റ്റന്റ് ഡയറക് ടർ | സെക്ഷൻ ക്ലാർക്ക് (എംപ്ലോ-1) | തൊഴിൽ സഹായം വിമുക്തഭടന്മാർ/വിധവകൾ തുടങ്ങിയവരുടെ പ്രതിവിവര കണക്കുകൾ വിമുക്തഭടൻമാരുടെ തൊഴിൽ ഒഴിവുകൾ സംബന്ധമായ വിവരങ്ങൾ |

(ബി) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ - ജില്ലാ ആഫീസുകൾ

| ക്രമ നം | ജില്ലാ തല സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ | വിലാസം | ഫോൺ നമ്പർ | ജില്ല |
|---|---|---|---|---|
| 1. | ജില്ലാ സൈനീക ക്ഷേമ ആഫീസർ | ജില്ലാ സൈനീക ക്ഷേമ ആഫീസ്, വഞ്ചിയൂർ, തിരുവനന്തപുരം | 0471-2472748 | തിരുവനന്തപുരം |

| ക്രമ നം | ജില്ലാ തല സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ | വിലാസം | ഫോൺ നമ്പർ | ജില്ല |
|---|---|---|---|---|
| 2. | ജില്ലാ സൈനീക ക്ഷേമ ആഫീസർ | ജില്ലാ സൈനീക ക്ഷേമ ആഫീസ്, സിവിൽ സ്റ്റേഷൻ കൊല്ലം | 0474-2702987 | കൊല്ലം |
| 3. | ജില്ലാ സൈനീക ക്ഷേമ ആഫീസർ | ജില്ലാ സൈനീക ക്ഷേമ ആഫീസ്, സിവിൽ സ്റ്റേഷൻ പത്തനംതിട്ട | 0468-2222104 | പത്തനംതിട്ട |
| 4. | ജില്ലാ സൈനീക ക്ഷേമ ആഫീസർ | ജില്ലാ സൈനീക ക്ഷേമ ആഫീസ്, മുട്ടമ്പലം പി ഓ. കോട്ടയം – 04 | 0481-2510287 | കോട്ടയം |
| 5. | ജില്ലാ സൈനീക ക്ഷേമ ആഫീസർ | ജില്ലാ സൈനീക ക്ഷേമ ആഫീസ് തൊടുപുഴ ഇടുക്കി | 0486-2222904 | ഇടുക്കി |
| 6. | ജില്ലാ സൈനീക ക്ഷേമ ആഫീസർ | ജില്ലാ സൈനീക ക്ഷേമ ആഫീസ്, ആറാട്ടു വഴി, ആലപ്പുഴ | 0477-2245673 | ആലപ്പുഴ |
| 7. | ജില്ലാ സൈനീക ക്ഷേമ ആഫീസർ | ജില്ലാ സൈനീക ക്ഷേമ ആഫീസ്, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം | 0484-2422239 | എറണാകുളം |
| 8. | ജില്ലാ സൈനീക ക്ഷേമ ആഫീസർ | ജില്ലാ സൈനീക ക്ഷേമ ആഫീസ്, പൂത്തോൾ, തൃശ്ശൂർ | 0487-2384037 | തൃശ്ശൂർ |
| 9. | ജില്ലാ സൈനീക ക്ഷേമ ആഫീസർ | ജില്ലാ സൈനീക ക്ഷേമ ആഫീസ്, മാർക്കറ്റ് റോഡ്, പാലക്കാട് | 0491-2501633 | പാലക്കാട് |
| 10. | ജില്ലാ സൈനീക ക്ഷേമ ആഫീസർ | ജില്ലാ സൈനീക ക്ഷേമ ആഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം | 0483-2734932 | മലപ്പുറം |
| 11. | ജില്ലാ സൈനീക ക്ഷേമ ആഫീസർ | ജില്ലാ സൈനീക ക്ഷേമ ആഫീസ്, ബാലൻ കെ നായർ റോഡ്, കോഴിക്കോട് | 0495-2861881 | കോഴിക്കോട് |
| 12. | ജില്ലാ സൈനീക ക്ഷേമ ആഫീസർ | ജില്ലാ സൈനീക ക്ഷേമ ആഫീസ്, കൽപ്പറ്റ നോർത്ത് വയനാട് | 0493-6202668 | വയനാട് |
| 13. | ജില്ലാ സൈനീക ക്ഷേമ ആഫീസർ | ജില്ലാ സൈനീക ക്ഷേമ ആഫീസ്, സിവിൽ സ്റ്റേഷൻ, കണ്ണൂർ | 0497-2700069 | കണ്ണൂർ |

| ക്രമ നം | ജില്ലാ തല സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ | വിലാസം | ഫോൺ നമ്പർ | ജില്ല |
|---|---|---|---|---|
| 14. | ജില്ലാ സൈനിക ക്ഷേമ ആഫീസർ | ജില്ലാ സൈനിക ക്ഷേമ ആഫീസ്, സിവിൽ സ്റ്റേഷൻ, കാസർഗോഡ് | 0499-4256860 | കാസർഗോഡ് |

10. വിവരാകാശ നിയമപ്രകാരം വിവരം നൽകുന്ന ഉദ്യോഗസ്ഥർ അവരവരുടെ പേരും, ഉദ്യോഗ പേരും നിർബന്ധമായും എല്ലാ കത്തിടപാടുകളിലും ചേർത്തിരിക്കേണ്ടതാണ്.

11. സൈനിക ക്ഷേമ ഡയറക്ടർ, ഈ വകുപ്പിനെ സംബന്ധിച്ച അപ്പീൽ അധികാരിയായിരിക്കും.

12. പരാമർശത്തിൽ പ്രതിപാദിച്ച ഈ ആഫീസിലെ ഉത്തരവുകൾ ഇതിനാൽ മേൽവിവരിച്ച തരത്തിൽ ഭേദഗതി വരുത്തിയിരിക്കുന്നു.

X x x
കെ കെ ഗോവിന്ദൻ നായർ
ഡയറക്ടർ

ബന്ധപ്പെട്ട ആഫീസർമാർ

പകർപ്പ് : എല്ലാ ജില്ലാ ആഫീസർമാർ
സെക്ഷൻ അധികാരികൾ
നോട്ടീസ് ബോർഡ്
സൂക്ഷിപ്പ് ഫയൽ